ഭരണഭാഷ-മാതൃഭാഷ

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ.മുരളീധരൻ)

തിരുവനന്തപുരം

നമ്പർ. 6539/2017/ഇ8/ഡിപി. തീയതി: 13.08.2019.

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - സീനിയർ സൂപ്രണ്ട്/ജില്ലാ ഫാറം ഓഫീസർ-തത്തുല്യ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ജി.ഒ. (പി) നമ്പർ. 615/2012/ഉ.വി.വ. തീയതി: 24.03.2012.
2. ജി.ഒ. (പി) നമ്പർ. 7/2016/ഫിൻ തീയതി: 20.01.2016.
3. വയനാട് ഗവ. പ്രസ്സ് സീനിയർ സൂപ്രണ്ട് ശ്രീമതി.പി.കെ.കോമളവല്ലിയുടെ 29.07.2019-ലെ സമർപ്പണം/സത്യവാങ്മൂലം.

### ഉത്തരവ്

അച്ചടി വകുപ്പിലെ സീനിയർ സൂപ്രണ്ട്/ ജില്ലാ ഫാറം ഓഫീസർ തത്തുല്യ തസ്തികയിലേയ്ക്ക് 40500-85000/- രൂപ ശമ്പള സ്കെയിലിൽ 25% റേഷ്യോ പ്രൊമോഷൻ അനുവദിച്ച് പരാമർശം (1), (2) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം അച്ചടി വകുപ്പിൽ സീനിയർ സൂപ്രണ്ട്/ ജില്ലാ ഫാറം ഓഫീസർ തത്തുല്യ തസ്തികകളിൽ നിലവിലുള്ള 17 തസ്തികകളിൽ 4 എണ്ണം ഹയർ ഗ്രേഡ് തസ്തികയാക്കി ഉയർത്തിയിട്ടുണ്ട്.

അച്ചടി വകുപ്പിലെ സീനിയർ സൂപ്രണ്ട്/ ജില്ലാ ഫാറം ഓഫീസർ തത്തുല്യ തസ്തികയിൽ റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് നിലവിൽ ലഭിച്ചിരുന്ന 4 ഉദ്യോഗസ്ഥരിൽ കൊല്ലം ജില്ലാ ഫാറം ഓഫീസർ ശ്രീ.കെ.ജി.അജിത് ചന്ദ്രൻ 31.05.2019 പൂർവ്വാഹ്നത്തിൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ അച്ചടി വകുപ്പിലെ സീനിയർ സൂപ്രണ്ട്/ജില്ലാ ഫാറം ഓഫീസർ തത്തുല്യ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിലെ തൊട്ടടുത്ത സീനിയറായ വയനാട് ഗവ. പ്രസ്സ് സീനിയർ സൂപ്രണ്ട് ശ്രീമതി.പി.കെ. കോമളവല്ലിയ്ക്ക് G.O. (P) 7/2016/Fin dated. 20.01.2016, Annexure XVI (c) പ്രകാരം 01.06.2019 മുതൽ 40500-85000 രൂപ ശമ്പള സ്കെയിലിൽ സീനിയർ സൂപ്രണ്ട്/ ജില്ലാ ഫാറം ഓഫീസർ തസ്തികയിൽ റേഷ്യോ ബേസ്ഡ് ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/,
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തിക്ക്.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവ. പ്രസ്സ്, വയനാട്.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, വയനാട്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ:പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./സീനിയർ സൂപ്രണ്ട്./ജൂനിയർ സൂപ്രണ്ട്.ഇ2./
ഫയൽ./സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.

ജെ.എസ്.